DESPATCHED On 22/06/2020

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1188(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7325/SIC-Gen 2/2012**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സ്വാമിനാഥൻ ടി.എൻ,
S/o. നാഗൻ,
കൂട്ടുപാത, മുണ്ടൂർ,
പാലക്കാട് – 678 592. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
ആനക്കര ഗ്രാമപഞ്ചായത്ത് ഓഫീസ്,
കുമ്പിടി പി.ഒ., തൃത്താല (വഴി),
പാലക്കാട് – 679 553.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
പാലക്കാട്. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 13.03.12ന് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, മണൽ കടത്തുന്നതിനുള്ള പാസ് സംബന്ധിച്ച വിവരമാണ് ആരാഞ്ഞിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ WP(C)33031 of 2011(D) വിധി പ്രകാരം ആനക്കര പഞ്ചായത്തിൽ മണൽ പാസ് എടുക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇഷ്ടമുള്ള ലോറികളിൽ മണൽ കയറ്റിക്കൊണ്ടു പോകാൻ കഴിയുമോ, അതോ ടി കേസിൽ കക്ഷി ചേർന്ന 18 മണൽ പാസ് ഉപഭോക്താക്കൾക്കു മാത്രമേ കഴിയുകയുള്ളുവോ എന്ന കാര്യമാണ് വിവരാവകാശ അപേക്ഷയിൽ ചോദിച്ചിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി 18.08.2012ൽ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത് അപേക്ഷയ്ക്ക് 02.04.12ൽ മറുപടി നൽകിയതാണെന്നാണ്. പിന്നീട് ടിയാൻ നൽകിയ ഒന്നാം അപ്പീലിനുശേഷവും മറുപടി വീണ്ടും നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയുടെ പകർപ്പും കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്.

3. ഇതിന്റെ അടിസ്ഥാനത്തിൽ, ഇതിനകം അപ്പീൽ ഹർജിക്കാരന് മറുപടി ലഭിച്ചിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.